**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - മാട്ടൂൽ ഗ്രാമ പഞ്ചായത്ത് - 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചതും എന്നാൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ പൊതു ആവശ്യ ഫണ്ടിന്റെ ഗഡുക്കൾ പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി സെൽ-എ) വകുപ്പ്**

സ.ഉ(സാധാ)നം.6445/2022/ധന തിരുവനന്തപുരം, തീയതി, 19 സെപ്റ്റംബർ, 2022

---

പരാമർശം :- 1. മാട്ടൂൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17-02-2022 തീയതിയിലെ MTL/R/15/22 നമ്പർ കത്ത്.

2. ട്രഷറി ഡയറക്ടറുടെ 27/05/2022 തീയതിയിലെ TRY/1914/2022-E2 നമ്പർ കത്ത്.

**ഉത്തരവ്**

മാട്ടൂൽ ഗ്രാമ പഞ്ചായത്തിന് 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ ഗഡുക്കൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം മാട്ടൂൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മാട്ടൂൽ ഗ്രാമപഞ്ചായത്തിന് (G130204) അനുവദിച്ചതും എന്നാൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ 2018-19 സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ ഏഴാം ഗഡു തുകയായ 8,60,333/- രൂപയും, 2019-20 സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ ഏഴാം ഗഡു തുകയായ 9,87,400/- രൂപയും, 2020-21 സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ ഒന്നാം ഗഡു തുകയായ 10,39,900/- രൂപയും ചേർത്ത് ആകെ 28,87,633/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി എൺപത്തി ഏഴായിരത്തി അറുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) "3604-00-200-83-(05)-NP"എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**

ധനകാര്യ ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് –II ), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്, മാട്ടൂൽ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്.

ധനകാര്യ (ബി.ഡബ്ളിയു –ജെ/ഡെവലപ്മെന്റ് വിങ് /എസ്.എസ്) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇ.2067681)

ഉത്തരവിൻ പ്രകാരം

fw സെക്ഷൻ ഓഫീസർ